# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2561 12.02.2019-ൽ മറുപടിക്ക്

### ആദിവാസി വിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, അടൂർ പ്രകാശ്<br>,, അനിൽ അക്കര :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണം ഒഴിവാക്കുന്നതിനും, സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) | ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണം ഒഴിവാക്കുന്നതിനും, സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും ധാരാളം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.<br>• ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.<br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.<br>• ആയുർവേദ ഡിസ്പെൻസറികൾ, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.<br>• പാചകം ചെയ്ത ഭക്ഷണം നൽകുന്ന, അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.<br>• വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.<br>• പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.<br>• വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.<br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും |

| | | | |
|---|---|---|---|
| | — | | സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.<br>• പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ -അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.<br>• പോഷകാഹാരകുറവുള്ള കുട്ടികളെയും ഗർഭി ണികളെയും കണ്ടെത്തുന്നതിനായും ചികിത്സി ക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തി വരുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടും അത് ആദിവാസി സമൂഹത്തിൽ ഗുണക രമായ മാറ്റങ്ങൾ ഉണ്ടാക്കാത്തത് എന്തു കൊണ്ടാണ്; വ്യക്തമാക്കുമോ; | ബി) | വിവിധ സർക്കാർ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ ഫലമായി സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സ്ഥിതി മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെട്ടു ത്തുമ്പോൾ മെച്ചപ്പെട്ടതാണ്.<br>സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണ, ആരോഗ്യ സംരക്ഷണ വിഷയങ്ങളിൽ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.<br>➢ അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറയ്ക്കാൻ സാധിച്ചു.<br>➢ അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞു.<br>➢ ഹോം ഡെലിവറി 64 (2013)ൽ നിന്ന് 6 (2018) ആയി കുറഞ്ഞു.<br>➢ ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞു. |
| സി) | ഇത് സംബന്ധിച്ച് പഠനം നടത്തി യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്ന തിനും തദനുസൃതമായി പരിഹാര മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | അട്ടപ്പാടിയിലെ ആദിവാസി ശിശുമരണങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നത് പരിശോധിക്കുവാനായി പാലക്കാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**